4.1

# ഇനിഞ്ഞാനുണർന്നിരിക്കാം

## ആ മു ഖം

*എല്ലാം മറന്നൊന്നുറങ്ങിയ യാമങ്ങൾ*
*എന്നേക്കുമായസ്തമിച്ചുപോയ്*
*ഇന്നിനി നമ്മിലൊരാളിന്റെ നിദ്രയ്ക്ക്*
*മറ്റേയാൾ കണ്ണിമ ചിമ്മാതെ*
*കാവൽ നിന്നീടണം*
*ഇനി ഞാനുണർന്നിരിക്കാം നീയുറങ്ങുക.*

– ഒ.എൻ.വി. – ശാർങ്ഗകപക്ഷികൾ

മനുഷ്യജീവിതം പൂർണ്ണമാകുന്നത് പാരസ്പര്യത്തിന്റെയും സൗഹൃദ ത്തിന്റെയും ഇഴയടുപ്പത്തിലൂടെയാണ്. ഒരാൾക്ക് ഒന്നുറങ്ങുവാൻ മറ്റൊ രാൾ കണ്ണിമ ചിമ്മാതെ കാവലിരിക്കുന്ന ജീവിതാവസ്ഥ. ലോകത്തെ വിടെയുമുണ്ടായിട്ടുള്ള പുരോഗമനപരമായ മാറ്റങ്ങൾക്ക് പിന്നിൽ, അസ്വ സ്ഥവും അരക്ഷിതവുമായ ജീവിത പരിതോവസ്ഥകളിൽ മറ്റുള്ളവർക്ക് വേണ്ടി സ്വന്തം സുഖങ്ങൾ ത്യജിച്ച് ജീവിച്ച സുമനസ്സുകളെ കാണാ വുന്നതാണ്. ത്യാഗമൂർത്തികളായ ശ്രീബുദ്ധനും മഹാത്മാഗാന്ധിയും മുതൽ സ്വന്തം കുടുംബത്തിന് വേണ്ടി കഠിനാധ്വാനം ചെയ്ത് സ്വജീ വിതവും ആരോഗ്യവും, സൗന്ദര്യവുമൊക്കെ സമർപ്പിക്കുന്ന സാധാര ണക്കാരിയായ വീട്ടമ്മ വരെ ഇവരുടെ നിരനീളുന്നു.

സ്വാർഥ താത്പര്യങ്ങൾകൊണ്ട് ഹരിത ശൂന്യമായ വർത്തമാനകാല മനസ്സുകളെ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും തളിരണി യിക്കുന്നതിനായി സ്വയം ത്യജിക്കുന്നവരുടെ ഉന്നത ജീവിത മൂല്യങ്ങൾ തിരിച്ചറിയുന്നതിന് സഹായകമായ പാഠങ്ങളാണ് യൂണിറ്റിൽ ഉൾപ്പെ ടുത്തിയിരിക്കുന്നത്. ഒപ്പം ഓരോ വ്യക്തിയും അനുഭവിക്കുന്ന സൗഭാ ഗ്യങ്ങൾക്ക് പിന്നിൽ മറ്റൊരാളിന്റെ ത്യാഗവും ആത്മസമർപ്പണവും ഉണ്ടെന്നുള്ള തിരിച്ചറിവും ലക്ഷ്യമാക്കുന്നു.

## യൂണിറ്റ്‌വിശകലനം

പ്രവർത്തനസമയം : 24 പിരീഡ്

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ (വ്യവഹാരരൂപങ്ങൾ/ പ്രകടിതരൂപങ്ങൾ) | വിലയിരുത്തൽ |
|---|---|---|---|---|---|
| • വരികളുടെ അക്ഷരങ്ങളുടെ ഉച്ചാരണസ്വഭാവം, എണ്ണം എന്നിവ സാമാന്യവൽക്കരിച്ച് താളത്തിലും വ്യത്യസ്ത ഈണത്തിലും കവിത ചൊല്ലി അവതരിപ്പിക്കുന്നു. | • സാന്ദ്ര സൗഹൃദം | • താളം കണ്ടെത്തുന്നത് ആസ്വാദനം മെച്ചപ്പെടുത്തും.<br>• സൗഹൃദം പ്രതിസന്ധികളെ അതിജീവിക്കാൻ സഹായിക്കും.<br>• അനുഭവക്കുറിപ്പ് കുട്ടികളിൽ എഴുതുന്നത് സർഗാത്മക ഉണർത്തുന്നു. | • ഈണം കണ്ടെത്തൽ<br>• ചൊല്ലി അവതരിപ്പിക്കുന്നു.<br>• വിലയിരുത്തൽ<br>• അനുഭവക്കുറിപ്പ് തയാറാക്കൽ | • ഈണം<br>• വിലയിരുത്തൽ കുറിപ്പ്<br>• അനുഭവക്കുറിപ്പ് | **ഈണം കണ്ടെത്തൽ**<br>• ആശയവ്യക്തത<br>• ഭാവം<br>• പങ്കാളിത്തം<br>• അക്ഷരശുദ്ധി<br>• താളം<br>**അനുഭവക്കുറിപ്പ്**<br>• അനുഭവതീവ്രത<br>• വൈകാരികാംശം<br>• അവതരണ രീതി<br>• ഉചിതമായ ഭാഷ<br>**പ്രസംഗം**<br>• അഭിസംബോധന<br>• ആമുഖം<br>• ഉദ്ധരണികൾ<br>• നിലപാടുകൾ<br>• സംസാരത്തിന്റെ ഒഴുക്ക്<br>• ഉച്ചാരണ സ്ഫുടത<br>• അംഗവിക്ഷേപം<br>• ഭാഷ<br>• ശരീരഭാഷ<br>• ശബ്ദവിന്യാസം |
| • വ്യത്യസ്ത കാലഘട്ടങ്ങളിലെ സാഹിത്യകൃതികൾ ആസ്വദിക്കുകയും അവയിലെ ഭാഷ, ജീവിതം എന്നിവ ഉചിതമായ വ്യവഹാരരൂപങ്ങളിൽ ആവിഷ്ക്കരിക്കുകയും ചെയ്യുന്നു.<br>• അക്ഷരങ്ങൾ ചേരുമ്പോഴുണ്ടാകുന്ന മാറ്റങ്ങൾ സാമാന്യവൽകരിച്ച് പദങ്ങളുടെ സന്ധിനിർണ്ണയിക്കുകയും പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കുകയും ചെയ്യുന്നു. | • അമ്മമ്മ | • കുടുംബബന്ധങ്ങൾ ഊഷ്മളമാണ്.<br>• സ്വയം ത്യജിക്കുന്നവരുടെ ഉന്നത ജീവിതമൂല്യങ്ങൾ തിരിച്ചറിയുന്നു.<br>• പ്രസംഗം നടത്തുന്നതിലൂടെ വ്യക്തിത്വവികസനം നടക്കും.<br>• കഥാപാത്ര നിരൂപണം നടത്തുന്നത് ആസ്വാദനം മെച്ചപ്പെടുത്തുന്നു. | • വിവരിക്കൽ<br>• പ്രയോഗങ്ങൾ പരിശോധിക്കൽ<br>• പ്രസംഗിക്കൽ<br>• സന്ധി തിരിച്ചറിയൽ<br>• കഥാപാത്ര നിരൂപണം തയാറാക്കൽ | • പ്രസംഗം<br>• കഥാപാത്ര നിരൂപണം | |

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ (വ്യവഹാരരൂപങ്ങൾ/ പ്രകടിതരൂപങ്ങൾ) | വിലയിരുത്തൽ |
|---|---|---|---|---|---|
| • ചർച്ചയിൽ പങ്കെടുത്ത് വിവിധ ആശയ മേഖലകളുമായി ബന്ധപ്പെട്ട കാഴ്ചപ്പാടുകൾ യുക്തിയോടെ അവതരിപ്പിക്കുന്നു.<br>• യോജിച്ച പദങ്ങൾ പ്രയോഗങ്ങൾ എന്നിവ ഉൾപ്പെടുത്തി പറഞ്ഞും എഴുതിയും പ്രകടിപ്പിക്കുന്നു. | • വഴിയാത്ര | • പങ്കുവയ്ക്കൽ ജീവിതയാത്രയെ സഫലമാക്കുന്നു.<br>• മൂല്യങ്ങൾ മനുഷ്യനെ സഹജീവിയാക്കുന്നു.<br>• ഉപന്യാസം തയാറാക്കുന്നത് ആശയധാരണ ഉറയ്ക്കാൻ സഹായകമാണ്. | • ചർച്ച<br>• താരതമ്യം<br>• അർത്ഥവ്യത്യാസം കണ്ടെത്തൽ<br>• വിവരണം തയാറാക്കൽ<br>• പ്രയോഗങ്ങൾ കണ്ടെ | • ചർച്ചാക്കുറിപ്പ്<br>• വിവരണം | **കഥാപാത്ര നിരൂപണം**<br>• ആമുഖം<br>• സ്വന്തം കാഴ്ചപ്പാട്<br>• ഉപസംഹാരം<br>• ഭാഷ<br>**ചർച്ച**<br>• ഇടപെടൽ<br>• ആശയങ്ങൾ<br>• അവതരണം<br>**ഉപന്യാസം**<br>• ആമുഖം<br>• ആശയങ്ങൾ<br>• ഭാഷ<br>• നിരീക്ഷണങ്ങൾ |

## പ്രവേശകം

മലയാളം എന്ന നാലക്ഷരമല്ല അമ്മ എന്ന ഒരൊറ്റക്ഷരമാണെന്റെ മലയാളം.

കുഞ്ഞുണ്ണിമാഷിന്റെ വരികളാണിവ. കുട്ടികൾ ഈ കവിത പഠിച്ചപ്പോൾ അവരിലുണ്ടായ സ്വാഭാവിക പ്രതികരണത്തെക്കുറിച്ചുള്ള പത്രവാർത്തയാണ് പ്രവേശകം. വാർധക്യത്തിൽ ജീവിതം പിന്നാമ്പുറത്തായിപ്പോയ ഒരു കൂട്ടം വൃദ്ധരുടെ കണ്ണിൽ സ്നേഹത്തിനു വേണ്ടിയുള്ള ദാഹം കണ്ടെത്തുകയാണ് ഈ കുട്ടികൾ. ഇത് കേവലം ഒരു പത്രവാർത്തയല്ല. പഠനത്തിലൂടെ സ്വാംശീകരിച്ച സംസ്കാരത്തിന്റെ പ്രയോഗവൽക്കരണമാണ്. വിദ്യാഭ്യാസം മൂല്യാധിഷ്ഠിതമാകുന്നതിന്റെ പ്രസാദാത്മക മുഖമാണ് ഈ വാർത്ത്. മുതിർന്നവരുടെ ലോകം ഉറങ്ങുമ്പോഴും ഉണർന്നിരിക്കുന്ന കുട്ടികൾ സമകാലിക ജീവിതത്തിൽ പ്രതീക്ഷ നൽകുന്ന കാഴ്ചയാണ്.

### കുട്ടികൾ ചർച്ച ചെയ്യട്ടെ

- ജീവിതത്തിൽ ഒറ്റപ്പെട്ടുപോയവരെക്കുറിച്ച് അന്വേഷിക്കാൻ കുട്ടികളെ പ്രേരിപ്പിച്ചത് എന്തായിരിക്കാം?
- അവർക്ക് ആശ്വാസമേകാൻ കുട്ടികൾക്ക് എന്തെല്ലാം ചെയ്യാൻ കഴിഞ്ഞിരിക്കാം?
- കുട്ടികൾ ഏറ്റെടുത്ത പ്രവർത്തനത്തോട് നിങ്ങളുടെ പ്രതികരണം എന്താണ്?

കുട്ടികൾക്ക് സ്വന്തം അനുഭവങ്ങളും പങ്കുവയ്ക്കാം.

ഇത്തരം സൽപ്രവർത്തികളുടെ പിന്നിൽ സുമനസ്സുകളുടെ ഒരു കൂട്ടായ്മയുണ്ട്. സഹജീവികൾക്ക് വേണ്ടിയുള്ള ഒത്തുചേരലുകൾ. സ്കൂളിലെ ഇത്തരം പ്രവർത്തനങ്ങളിൽ കുട്ടികളും പങ്കാളികളായിട്ടുണ്ടാവുമല്ലോ.

ആപത്ഘട്ടങ്ങളിൽ ഉണ്ടാകുന്ന കൂട്ടായ്മകളിൽ വലുപ്പച്ചെറുപ്പം ഉണ്ടാകാറില്ലെന്ന് കുട്ടികളുടെ അനുഭവങ്ങളിൽ നിന്ന് ക്രോഡീകരിക്കാം.

## സാന്ദ്ര സൗഹൃദം

വള്ളംകളി തിരുവിതാംകൂറിന്റെ പ്രിയതമമായ ഒരു വിനോദവും ആഹ്ലാദകരമായ ഒരു വ്യായാമവുമാണ്. ധാരാളം നദികളും ജലാശയങ്ങളുമുള്ള ഒരു നാട്ടിൽ ഇത്തരം വിനോദങ്ങൾക്ക് പ്രചാരം ലഭിക്കുന്നതിൽ ആശ്ചര്യമില്ലല്ലോ. ഇതിനുവേണ്ടി ഉണ്ടായിട്ടുള്ള ഗാനകാവ്യങ്ങൾക്ക് വഞ്ചിപ്പാട്ടെന്ന് പേർ പറയുന്നു. അതുകൊണ്ടുതന്നെ അധ്വാനത്തിന്റെയും സംഘശക്തിയുടെയും പാട്ടുകളാണ് വഞ്ചിപ്പാട്ടെന്ന് പറയാം. സാഹിത്യഗുണം കൊണ്ടും പ്രചാരം കൊണ്ടും മലയാളത്തിലെ ഏറ്റവും ശ്രദ്ധേയമായ വഞ്ചിപ്പാട്ടാണ് രാമപുരത്തുവാര്യരുടെ കുചേലവൃത്തം. ഇതിൽ നിന്നാണ് ഈ പാഠഭാഗം എടുത്തിരിക്കുന്നത്.

കൃഷ്ണന്റെയും കുചേലന്റെയും സൗഹൃദത്തിന്റെ ദൃഢതയാണ് പാഠഭാഗത്തിന്റെ അന്തർധാര. ജീവിതത്തിന്റെ വിപരീതധ്രുവങ്ങളിൽ നിൽക്കുമ്പോഴും അവർക്കിടയിൽ സൗഹൃദത്തിന്റെ തെളിമ നിറഞ്ഞു നിൽക്കുന്നു. ഇത്തരത്തിലുള്ള അവസ്ഥ രൂപപ്പെട്ടതിന് കാരണം അവർക്ക് പൊതുവായി ലഭിച്ച വിദ്യാഭ്യാസമാണ്. രാജകുമാരനെയും ദരിദ്രനായ ബ്രാഹ്മണ കുമാരനെയും വിറക് ശേഖരിക്കാൻ ഒരുമിച്ച് കാട്ടിലേക്ക് പറഞ്ഞയയ്ക്കുന്ന ഗുരുവിന്റെ സമഭാവനയും, ഗുരുകാടാക്ഷം തന്നെയാണ് ജീവിതവി

ജയം എന്ന ശിഷ്യരുടെ വിശ്വാസവും, പ്രശ്നങ്ങളെ കൈകോർത്ത് നേരിടുന്ന ശിഷ്യന്മാരുടെ ഐക്യബോധവും, പ്രതിസന്ധികളിൽ ശിഷ്യരെ തേടിയെത്തുന്ന ഗുരുവിന്റെ കരുതലും പാഠഭാഗത്തിന് മിഴിവേകുന്നു.

## പ്രവർത്തനവിശകലനം

### വഞ്ചിപ്പാട്ട് അവതരണം

കുട്ടികൾ വഞ്ചിപ്പാട്ട് ക്ലാസിൽ സംഘമായി അവതരിപ്പിക്കട്ടെ.

*വ്യത്യസ്ത ഈണം കണ്ടെത്താൻ അധ്യാപകന്റെ ഇടപെടൽ അഭികാമ്യം. യുട്യൂബിൽ വഞ്ചിപ്പാട്ടിന്റെ അവതരണം ലഭ്യമാണ്. കലോൽസവങ്ങളിലെ മൽസര ഇനമാണ് വഞ്ചിപ്പാട്ട്. പ്രാദേശികമായി വഞ്ചിപ്പാട്ടു കലാകാരന്മാരുടെ സേവനവും പ്രയോജനപ്പെടുത്താവുന്നതാണ്.*

*വിലയിരുത്തൽ സൂചകങ്ങൾ*

- താളം
- ഈണം
- ഭാവം
- ഊർജസ്വലത
- സംഘബോധം

സൂചകങ്ങളുടെ അടിസ്ഥാനത്തിൽ സംഘങ്ങൾ പരസ്പരം വിലയിരുത്തട്ടെ.

### വഞ്ചിപ്പാട്ട് ചരിത്രം, ഐതിഹ്യം

കേരളത്തിന്റെ സാംസ്കാരിക ജീവിതവുമായി ഇഴചേർന്നിരിക്കുന്നതും വൈകാരികബന്ധം പുലർത്തുന്നതുമായ ജനകീയ കവിതകളാണ് നാടൻ പാട്ടുകൾ. ഇത്തരം പാട്ടുകളിൽ ജലാശയവുമായി ബന്ധപ്പെട്ട ഗാനശാഖയാണ് വഞ്ചിപ്പാട്ട്. നതോന്നത വൃത്തത്തിലാണ് ഇത് രചിച്ചിട്ടുള്ളത്. വ്യാസോത്പത്തി, കിരാതം, നളചരിതം, രാമായണം, ഉണ്ണിമാണിക്യം എന്നീ വഞ്ചിപ്പാട്ടുകളുണ്ടെങ്കിലും സാഹിത്യ സോപാനത്തിൽ ചിരപ്രതിഷ്ഠ നേടിയത് കുചേലവൃത്തം വഞ്ചിപ്പാട്ട് തന്നെ. ഇതിന്റെ കർത്താവ് രാമപുരത്ത് വാര്യരാണ്.

ഇന്നത്തെ മീനച്ചിൽ താലൂക്കിൽ ഒരു ദരിദ്ര കുടുംബത്തിൽ ജനിച്ച വാര്യർ ഉപജീവനമാർഗം തേടി വൈക്കത്തെത്തുന്നു. അവിടെ ക്ഷേത്രദർശനത്തിനെത്തിയ മാർത്താണ്ഡവർമ്മയ്ക്ക് ചില ശ്ലോകങ്ങൾ കാഴ്ചവച്ചു. രാജാവിന്റെ നിർദ്ദേശപ്രകാരം അദ്ദേഹത്തോടൊപ്പം തിരുവനന്തപുരത്തേക്ക് പുറപ്പെട്ടുവെന്നും യാത്രയ്ക്കിടയിൽ കൽപ്പനയനുസരിച്ച് എഴുതിയുണ്ടാക്കിയ കൃതിയാണ് കുചേലവൃത്തം വഞ്ചിപ്പാട്ടെന്നും ഐതിഹ്യം. കൃഷ്ണസന്നിധിയിലേക്ക് അവലുമായി പോകുന്ന കുചേലന്റെ കഥയ്ക്കും, രാജസന്നിധിയിലേക്ക് കാവ്യവുമായെത്തുന്ന രാമപുരത്ത് വാര്യരുടെ ജീവിതത്തിനും സമാനതകളുണ്ട്.

**കുചേലൻ**

ശ്രീകൃഷ്ണഭക്തനായ ബ്രാഹ്മണൻ. സുദാമാവെന്ന് യഥാർത്ഥനാമം. ശ്രീകൃഷ്ണനും കുചേലനും സാന്ദീപനീമുനിയുടെ ആശ്രമത്തിൽ സഹപാഠികൾ. ഗുരുകുലവിദ്യാഭ്യാസകാലത്ത് ഒരിക്കൽ ഇരുവരേയും വിറക് ശേഖരിക്കുവാൻ ഗുരുപത്നി കാട്ടിലേക്കയച്ചു. ഇടിയും മഴയും നിമിത്തം, വഴിയറിയാൻ കഴിയാതെ ഒരു രാത്രിമുഴുവൻ ഇവർക്ക് കാട്ടിൽ കഴിച്ചുകൂട്ടേണ്ടിവന്നു. ഗുരുകുലവിദ്യാഭ്യാസത്തിന് ശേഷം ഇരുവരും രണ്ട് വഴിക്ക് പിരിഞ്ഞു.

പിൽക്കാലത്ത് ശ്രീകൃഷ്ണൻ ദ്വാരകയുടെ അധിപനായി. കുചേലൻ കഷ്ടപ്പാടുകളും ദാരിദ്ര്യവും നിറഞ്ഞ ഒരു ഗൃഹസ്ഥാശ്രമിയായിത്തീർന്നു. ഒരിക്കൽ ഭാര്യയുടെ അപേക്ഷപ്രകാരം ഒരു പൊതി അവലുമായി അദ്ദേഹം കൃഷ്ണനെ കാണുവാൻ അദ്ദേഹം ദ്വാരകയിലേക്ക് തിരിച്ചു. സഹപാഠിയായ കൃഷ്ണൻ സന്തോഷപൂർവ്വം എതിരേൽക്കുകയും ഏറെ താൽപ്പര്യത്തോടെ അവൽപ്പൊതി പിടിച്ചുവാങ്ങി വാരി ഭക്ഷിക്കുകയും ചെയ്തു. സൽക്കാരങ്ങളൊക്കെ സ്വീകരിച്ച് സന്തുഷ്ടചിത്തനായി അഭീഷ്ടം ചോദിക്കാൻ പോലും മറന്ന് കുചേലൻ തിരികെപ്പോന്നു. അപ്പോഴേക്കും അദ്ദേഹത്തിന്റെ കുടിൽ ഒരു മണി മന്ദിരമായി തീർന്നിരുന്നു.

*(അവലംബം : ഭാഗവതം-ദശമസ്കന്ധം)*

## കുട്ടികൾ കവിതയിലെ പഴയകാല പദങ്ങൾ കണ്ടെത്തട്ടെ

- ചെമ്മേ
- മറന്നീലല്ലീ
- കുളുർന്നു
- പുക്ക്
- 
  - ഇത്തരം പദങ്ങൾ ഇന്ന് പ്രയോഗത്തിലുണ്ടോ?
  - മുൻക്ലാസ്സുകളിൽ ഇത്തരം വാക്കുകൾ കുട്ടികൾ പരിചയപ്പെട്ടിട്ടുണ്ടോ?

## കൃഷ്ണനിലുണ്ടായ ഓർമ്മകൾ

ടി.ബി. പ്രവർത്തനം, വായന

- കവിത വായിച്ച് കുട്ടികൾ കൃഷ്ണനിലുണ്ടായ ഓർമ്മകൾ കണ്ടെത്തട്ടെ.
  - സാന്ദീപനി ഗൃഹത്തിലെ ഒന്നിച്ചുള്ള താമസം
  - വിറക് ശേഖരിക്കുവാനുള്ള യാത്ര
  - കാട്ടിലുണ്ടായ സംഭവവികാസങ്ങൾ
  - പ്രതിസന്ധിയെ അതിജീവിച്ചത്
  - ഗുരുവിന്റെ അനുഗ്രഹം ലഭിച്ചത്

- അവതരണം
- ചർച്ച
- കൃഷ്ണന്റെ ഓർമ്മകൾ- കുട്ടികൾ വ്യക്തിഗതമായി കുറിപ്പ് തയ്യാറാക്കുന്നു.

## ഗുരുകുലത്തിലെ സമഭാവന

ആഴിമകളുമൊരുമിച്ചൊരു കട്ടിന്മേലന്നേര-
മേഴാമ്മാളികമുകളിലിരുന്നരുളും
ഏഴുരണ്ടുലകവാഴിയായ തമ്പുരാനെത്രയും
താഴെത്തന്റെ വയസ്യനെ ദൂരത്തുകണ്ടു
കണ്ടാലെത്ര കഷ്ടമെത്രയും മുഷിഞ്ഞ ജീർണവസ്ത്രം
കൊണ്ടു തറ്റുടുത്തിട്ടുത്തരീയവുമിട്ടു
മുണ്ടിൽ പൊതിഞ്ഞ പൊതിയും മുഖ്യമായ പുസ്തകവും
രണ്ടുംകൂടി കക്ഷത്തിങ്കലിടുക്കിക്കൊണ്ടും
ഭദ്രമായ ഭസ്മവും ധരിച്ചുനമസ്കാരകിണ-
മുദ്രയും മുഖരമായ പൊളിക്കുടയും.
രുദ്രാക്ഷമാലയുമേന്തി നാമകീർത്തനവും ചെയ്തു
ചിദ്രൂപത്തിലുറച്ചു ചെഞ്ചെമ്മേ ചെല്ലും
അന്തണനെക്കണ്ടിട്ട് സന്തോഷംകൊണ്ടോ തസ്യ ദൈന്യം
ചിന്തിച്ചിട്ടുള്ളിലുണ്ടായ സന്താപം കൊണ്ടോ
എന്തുകൊണ്ടോ ശൗരി കണ്ണുനീരണിഞ്ഞു ധീരനായ
ചെന്താമരക്കണ്ണനുണ്ടോ കരഞ്ഞിട്ടുള്ളു.
പള്ളിമഞ്ചത്തീന്നു വെക്കമുത്ഥാനം ചെയ്തിട്ടുപക്കി-
ലുള്ള പരിജനത്തോടുകൂടി മുകുന്ദൻ
ഉള്ളഴിഞ്ഞ് താഴത്തെഴുന്നള്ളി പൗരവരന്മാരും
വെള്ളംപോലെ ചുറ്റുംവന്നു വന്ദിച്ചുനിന്നു.
പാരാവാര കൽപ്പപരിവാരത്തോടുകൂടി ഭക്ത
പാരായണനായ നാരായണനാശ്ചര്യം
പാരാതെ ചെന്നെതിരേറ്റു കുചേലനെ ദീനദയാ-
പാരവശ്യമേവം മറ്റൊരീശ്വരനുണ്ടോ
മാറത്തെ വിയർപ്പുവെള്ളം കൊണ്ടു നാറും സതീർഥ്യനെ
മാറത്തുണ്മയോട് ചേർത്തു ഗാഢം പുണർന്നു.
കൂറുമൂലം തൃക്കൈകൊണ്ടു കൈപിടിച്ചുകൊണ്ടുപരി-
കേറികൊണ്ട് ലക്ഷ്മീതൽപ്പത്തിന്മേലിരുത്തി
പള്ളിപാണികളെക്കൊണ്ട് പാദം കഴുകിച്ചു പരൻ
ഭള്ളൊഴിഞ്ഞ് ഭഗവതി വെള്ളമൊഴിച്ചു.

ഈ വരികൾ കുട്ടികൾക്ക് ഗ്രൂപ്പിൽ നൽകുന്നു.

വർഷങ്ങൾക്ക് ശേഷവും കൃഷ്ണകുചേലന്മാരുടെ സൗഹൃദം തീക്ഷ്ണമായി നിലനിൽക്കുന്നു എന്ന് തെളിയിക്കുന്ന വരികൾ കണ്ടെത്താം.

- ഏഴാംമാളികമുകളിലെ കൃഷ്ണൻ താഴെ മണ്ണിൽ നിൽക്കുന്ന കുചേലനെ കണ്ടു
- കൂട്ടുകാരനെ കണ്ട സന്തോഷം കൊണ്ടോ അവന്റെ ദൈന്യം കണ്ടുള്ള ദു:ഖം കൊണ്ടോ കരഞ്ഞു.
- പരിവാരസമേതം എതിരേറ്റു.
- ഗാഢം പുണർന്നു.
- ലക്ഷ്മീതൽപ്പത്തിൽ ഇരുത്തുന്നു.
- പാദം കഴുകുന്നു.

അവതരണം
ക്രോഡീകരണം

ഈ ഹൃദയബന്ധം നിലനിൽക്കാൻ കൃഷ്ണകുചേലന്മാർക്ക് വിദ്യാഭ്യാസകാലത്ത് ലഭിച്ച അനുഭവസൂചനകൾ പാഠഭാഗത്തുനിന്ന് കണ്ടെത്താം.

കുട്ടികൾ കണ്ടെത്തട്ടെ

- ഒരുമിച്ച് കഴിഞ്ഞത്
- സൗഹൃദമുണ്ടായത്
- വിറക് ശേഖരിക്കാൻ ഒരുമിച്ച് കാട്ടിൽ പോയത്
- രാത്രി ഇരുട്ടിൽ ഊഹിച്ചടുത്ത് ഒരുമിച്ചത്
- അന്യോന്യം കൈകൾ കോർത്ത് പ്രതിസന്ധിയെ അതിജീവിച്ചത്
- ഗുരുവിന്റെ അനുഗ്രഹം ഒരുമിച്ച് നേടിയത്

ഗുരുകുലത്തിലെ സമഭാവനയെക്കുറിച്ച് ഗ്രൂപ്പുകൾ കുറിപ്പുകൾ തയാറാക്കട്ടെ.

വിലയിരുത്തി മെച്ചപ്പെടുത്തി പോർട്ട് ഫോളിയോവിലേക്ക്

താഴെ കൊടുത്തിട്ടുള്ള കാവ്യഭാഗങ്ങൾ കുട്ടികൾ പരിചയപ്പെടട്ടെ.

### ചങ്ങാതി

കാണുന്നോരൊക്കെയും സ്നേഹിതന്മാരല്ല
കായില്ലാപ്പൂക്കൾ പലതുമുണ്ട്
മിന്നുന്നതൊക്കെയും പൊന്നല്ല സൂക്ഷിച്ചാൽ
കണ്ടേക്കാം മുക്കിൻ പണിത്തരങ്ങൾ
ആടലുമാപത്തും കൂടി വരുന്നേരം
കൂടെത്തുണച്ചും സഹകരിച്ചും
ഇഷ്ടം പ്രവർത്തിച്ചും തെറ്റുതിരുത്തിയും
കഷ്ടമണയുമ്പോൾ കൂടെ നിന്നും
എന്നും പിരിയാതുടലിനൊരംശംപോൽ
നിന്നിടും കൂട്ടരെ കൂട്ടരാവൂ.

പാഠാലയത്തിലേ പ്രമാണ്യമുള്ളവർ
പാവങ്ങളോടൊത്തിണങ്ങലുള്ളു
പഞ്ചാമൃതക്കൂട്ടും ഞാവൽപ്പഴങ്ങളും
പങ്കിട്ടെടുത്തു കഴിക്കലുള്ളു.

**സഹപാഠികൾ - ബാലാമണിയമ്മ**

'കഥപറയുമ്പോൾ' എന്ന മലയാള സിനിമ മുന്നോട്ടുവയ്ക്കുന്ന പ്രമേയം ഈ പാഠഭാഗവുമായി ചേർന്നു നിൽക്കുന്നു. അശോക് രാജ്, ബാലൻ എന്നീ സഹപാഠികളുടെ കഥ. ഒരാൾ പ്രശസ്തനായ സിനിമാതാരമായി മാറുന്നു. മറ്റേയാൾ ദാരിദ്ര്യം നിറഞ്ഞ ഒരു കുടുംബത്തിന്റെ ഗൃഹനാഥനും. ജീവിതത്തിന്റെ വിഭിന്ന ധ്രുവങ്ങളിൽ നിൽക്കുമ്പോഴും അവരെ ചേർത്തു നിർത്തുന്ന സ്നേഹത്തിന്റെ നൂലിഴ അവരുടെ വിദ്യാലയജീവിതത്തിൽ നിന്ന് ലഭിച്ചതാണ്.

കുട്ടികളെ സിനിമ കാണിക്കാം. (അശോക്‌രാജ് സ്കൂൾ അസംബ്ലിയിൽ പ്രസംഗിക്കുന്നത്)

ഇവയുടെ അടിസ്ഥാനത്തിൽ ഇന്ന് വിദ്യാലയത്തിൽ നിലനിൽക്കുന്ന സൗഹൃദാന്തരീക്ഷത്തെക്കുറിച്ച് കുട്ടികൾ ചർച്ച ചെയ്യട്ടെ.

**പരിഗണിക്കാവുന്ന ഘടകങ്ങൾ**

- കുട്ടികൾ തമ്മിലുള്ള സൗഹൃദം
- കുട്ടികളും അധ്യാപകരും തമ്മിലുള്ള സൗഹൃദം
- സ്കൂളുമായുള്ള രക്ഷാകർത്താക്കളുടെ ബന്ധം

ചർച്ച ചെയ്ത വിഷയങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടികൾ അവരുടെ വിദ്യാലയ സൗഹൃദ്വുമായി ബന്ധപ്പെട്ട അനുഭവക്കുറിപ്പ് എഴുതട്ടെ.

- ആത്മാംശം
- ഭാവാത്മകത
- ഉചിതമായ ഭാഷ
- വൈവിധ്യം
- അവതരണരീതി

ഈ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ പരസ്പരം വിലയിരുത്തി മെച്ചപ്പെടുത്തട്ടെ. അനുഭവക്കുറിപ്പുകളുടെ പതിപ്പ് തയാറാക്കാം.

പാഠഭാഗത്തിലെ സന്ദർഭം ആട്ടക്കഥാകാരൻ ആവിഷ്കരിച്ചിരിക്കുന്നത് എങ്ങനെ എന്ന് നോക്കാം. ഈ കാവ്യസന്ദർഭം കുട്ടികൾക്ക് പരിചയപ്പെടുത്തിക്കൊടുക്കാവുന്നതാണ്.

സാന്ദീപനി മുനി തൻ സദനേ യുഗപാദാവാം
വേദാദി പാഠം ചെയ്തധുനാ വിസ്മൃതമായോ?
വേദവിദാംവരന്റെ മദിരാക്ഷീ നിയോഗത്താൽ
ഏധാംസി സമാർജിപ്പാൻ യാതരായതുമില്ലേ?
ഇന്ധനസമ്പാദനാനന്തരമൊരു കാട്ടിൽ
അന്തണാധിപ, വാണു സന്ധ്യയും വന്നുകൂടി
ബന്ധം വിനാ വൃഷ്ടിയുമന്ധകാരവും കൊണ്ട്
താന്തരായ് നമ്മൾ വല്ലീബന്ധത്തിൽ വാണതില്ലേ
ചീർത്ത വാതഭീതിയാൽ ഹസ്തങ്ങൾ പരസ്പരം
കോർത്ത് തുറപ്പിൽ പാർത്തു രാത്രിയെ നയിച്ചതും
മാർത്താണ്ഡോദയേ മുനിസത്തമൻ നമ്മെക്കാണാ-
ഞ്ഞാർത്തനായ് തിരഞ്ഞു കണ്ടെത്തി വനത്തിൽ വന്നു
പിന്നെ നാം മുനിയോടുമൊന്നിച്ചുടജേ ചെന്നു
വന്ദിച്ചു ദാരുഷണ്ഡം മുന്നിൽവെച്ചൊരു നേരം
നന്ദിച്ചനുഗ്രഹിച്ചൂ ധന്യനാം മുനി നമ്മെ
അന്യം ഗുരുകടാക്ഷാലൊന്ന് വേണമെന്നുണ്ടോ?

*കുചേലവൃത്തം ആട്ടക്കഥ - മുരിങ്ങൂർ ശങ്കരൻ പോറ്റി*

## അമ്മമ്മ

കഥകൾ പോലെതന്നെ മനോജ്ഞവും ഊഷ്മളവുമാണ് ചില അനുഭവക്കുറിപ്പുകൾ. തന്റെ ജീവന്റെ വിളക്ക് കെട്ടുപോകുന്നതിനുമുമ്പേ പേരക്കുട്ടികളുടെ ജീവിതം തിരി നീട്ടി പ്രകാശിപ്പിക്കുന്ന സാധുവായ ഒരു വൃദ്ധയുടെ സഹനത്തിന്റെ നേർക്കാഴ്ചയാണ് പി. സുരേന്ദ്രന്റെ "അമ്മമ്മ" കാട്ടിത്തരുന്നത്. അമ്മമ്മയുടെ പെരുകുന്ന സങ്കടങ്ങളുടെ പശ്ചാത്തലം, കുടുംബബന്ധങ്ങളുടെ കണ്ണി അറ്റുപോവാതിരിക്കാൻ അമ്മമ്മ ഒറ്റയ്ക്ക് താണ്ടുന്ന കനൽ വഴികൾ ഇവയൊക്കെ ഇവിടെ ഹൃദ്യമായി പരാമർശിക്കുന്നു. കൂടാതെ, കുട്ടികൾക്കുവേണ്ടിയുള്ള ജീവിതത്തിന്റെ കഷ്ടപ്പാടുകൾ ഒരു നിയോഗമായി ഏറ്റെടുക്കുന്ന അമ്മമ്മയുടെ കാഴ്ചപ്പാടും, കാവ്യാത്മകമായ ഭാഷയും ഈ ഓർമ്മക്കുറിപ്പിനെ ധന്യമാക്കുന്നു. മറ്റുള്ളവർക്ക് വേണ്ടി ജീവിക്കുമ്പോഴാണ് ജീവിതം കൂടുതൽ പ്രകാശപൂരിതവും അർഥപൂർണവും മനോഹരവുമാകുന്നതെന്ന് കുട്ടി തിരിച്ചറിയട്ടെ.

### പ്രവർത്തനങ്ങളിലൂടെ

പാഠഭാഗം കുട്ടികൾ മൗനമായി വായിക്കട്ടെ.

ഏതാനും പേർക്ക് ഉറക്കെ വായിക്കാൻ അവസരം.

**ചർച്ച**

വായന നന്നായോ? എന്തുകൊണ്ട്?

കണ്ടെത്തിയ മികവുകൾ/ പരിമിതികൾ പറയാനവസരം

അനുഭവം/കഥ വായിച്ചവതരിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ടതെന്തെല്ലാം?

അക്ഷരസ്ഫുടത
ഉച്ചത്തിലുള്ള വായന
ആശയവ്യക്തത
മറ്റെന്തെല്ലാം?

കുട്ടികൾ സ്വതന്ത്രമായി ചിന്തിക്കട്ടെ

പ്രശസ്ത ഡബ്ബിങ്ങ് കലാകാരി ഭാഗ്യലക്ഷ്മി അമ്മമ്മ എന്ന പാഠഭാഗം വായിച്ചതിന്റെ ഓഡിയോ കേൾപ്പിക്കുന്നു.

അവതരണത്തിൽ നിന്ന് കൂടുതലായി കണ്ടെത്തിയ കാര്യങ്ങൾ കുട്ടികൾക്ക് പറയാൻ അവസരം.

- ശബ്ദവിന്യാസം
- നിറുത്തലുകൾ
- ഭാവാത്മകത
- 
- 

തുടർന്ന് പാഠഭാഗം അഞ്ച് ഭാഗങ്ങളായി തിരിച്ച് അഞ്ച് ഗ്രൂപ്പുകളിൽ നൽകുന്നു.

ഗ്രൂപ്പിൽ വായന

നന്നായി വായിച്ചവതരിപ്പിക്കുന്ന ഒരാൾക്ക് ഓരോ ഗ്രൂപ്പിൽ നിന്നും വായിക്കാൻ അവസരം നൽകുന്നു.

ഐ.സി.ടി സാധ്യതകൾ ഉപയോഗിച്ച് ഓഡിയോ റെക്കോഡിംഗ് നടത്തി അസംബ്ലിയിൽ കേൾപ്പിക്കാം. അഭിനന്ദിക്കാം.

## സന്ദർഭങ്ങൾ കണ്ടെത്തുക

- അങ്ങനെ കരയുന്ന ഒരു അമ്മയെ ജീവിതത്തിൽ ആദ്യമായി കാണുകയായിരുന്നു.
- അമ്മവിളക്ക് ഊതിക്കെടുത്തി പറക്കമുറ്റാത്ത മൂന്ന് മക്കളെ ഇരുട്ടിലേക്ക് തള്ളി അവരുടെ കരച്ചിലുകൾക്ക് കാതുകൊടുക്കാതെ അവൻ എങ്ങോട്ടോ ഓടിപ്പോയി.
- എന്റെ മക്കളെ പൊന്നുപോലെ നോക്കണേയെന്ന് അമ്മമ്മ യാചിക്കുന്ന സന്ദർഭം.

കുട്ടികൾ സംഘങ്ങളായി പാഠഭാഗം വായിച്ച് കഥാസന്ദർഭങ്ങൾ കണ്ടെത്തി അവതരിപ്പിക്കട്ടെ.

അമ്മമ്മയുടെ ജീവിത പശ്ചാത്തലം കുട്ടികൾ കുറിപ്പുകൾ ആക്കട്ടെ.

- അമ്മമ്മ തനിച്ചാണ്
- അമ്മമ്മയ്ക്ക് പേരക്കുട്ടികൾ മാത്രമേയുള്ളൂ.
- അമ്മമ്മയുടെ ജീവിതലക്ഷ്യം അമ്മയില്ലാത്ത കുട്ടികളെ നല്ല നിലയിലെത്തിക്കുകയാണ്.

## കുട്ടികൾ വായിച്ചു കണ്ടെത്തട്ടെ

അമ്മമ്മയുടെ സവിശേഷതകൾ കാവ്യാത്മകമായി അവതരിപ്പിക്കുന്ന പ്രയോഗങ്ങൾ.

- കണ്ണീർ തിളങ്ങുന്ന സൂചിയായി
- പൊറുതികെട്ട ജന്മം
- കരച്ചിൽ വടുകോട്ടിയ മുഖം
- തേവിത്തേവി വറ്റിപ്പോയ കിണർ

കണ്ടെത്തിയ പ്രയോഗങ്ങൾ ഏതാനും പേർ അവതരിപ്പിക്കട്ടെ.

**ചർച്ച**

കണ്ണീർ തിളങ്ങുന്ന സൂചിയായി

അമ്മമ്മയുടെ എന്തെല്ലാം സവിശേഷതകളാണ് പ്രയോഗത്തിലൂടെ വെളിവാകുന്നത്.

- പരിചയപ്പെടുന്നവരുടെ പോലും കണ്ണ് നനയിപ്പിക്കുന്ന ജീവിതം
  (കണ്ണീർ സൂചി എന്ന് പ്രയോഗിച്ചതിന്റെ ഔചിത്യം)
- കഷ്ടപ്പാട് നിറഞ്ഞ ജീവിതം
- എപ്പോഴും കരയേണ്ടിവരുന്ന ജീവിതം

ചർച്ചയിലൂടെ കൂടുതൽ ആശയങ്ങൾ കൂട്ടിച്ചേർത്ത് ക്രോഡീകരിക്കുന്നു.

## പ്രസംഗിക്കാം

കുടുംബബന്ധങ്ങളുടെ തകർച്ച സംബന്ധിച്ച ആധുനികകാലത്തെ പത്രത്തലക്കെട്ടുകളുടെ കൊളാഷ് പവർ പോയിന്റ് പ്രസന്റേഷനായി അവതരിപ്പിക്കാം.

കുട്ടികൾ ഗ്രൂപ്പുകളായി തലക്കെട്ടുകൾ ഉയർത്തുന്ന പ്രശ്നങ്ങൾ കണ്ടെത്തട്ടെ.

- അവഗണിക്കപ്പെടുന്ന വൃദ്ധജനങ്ങൾ
- തകരുന്ന കുടുംബബന്ധങ്ങൾ
- 

കുടുംബബന്ധങ്ങൾ ഊഷ്മളമാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് കുട്ടികൾ വ്യക്തിഗതമായി പ്രസംഗം എഴുതിത്തയാറാക്കട്ടെ.

ഗ്രൂപ്പിൽ വായിച്ച് മെച്ചപ്പെടുത്തണം.

- വിഷയവുമായി ബന്ധപ്പെട്ട ആശയങ്ങൾ പൊതുവായി ചർച്ച ചെയ്ത് ക്രോഡീകരിക്കണം.
- പ്രസംഗത്തിന്റെ സവിശേഷതകൾ എന്തെല്ലാമെന്ന് പൊതുവായി ചർച്ച ചെയ്യണം.
- ചർച്ചയിലൂടെ വികസിപ്പിച്ച സൂചകങ്ങൾ ഉപയോഗിച്ച് പ്രസംഗം പരസ്പരം വിലയിരുത്തണം.
- പ്രസംഗത്തിന്റെ സമയം നിശ്ചയിക്കണം.
- പ്രസംഗത്തിനാവശ്യമായ വേദി ക്ലാസിലൊരുക്കണം.
- മികച്ച പ്രസംഗങ്ങൾ സ്കൂളിലെ ഏതെങ്കിലും പൊതുവേദിയിൽ അവതരിപ്പിക്കാൻ അവസരം നൽകണം.

## പ്രസംഗം

വിഷയത്തിന് അനുയോജ്യമായ ആശയങ്ങൾ ചർച്ച ചെയ്ത് ക്രമപ്പെടുത്തണം. അഭിസംബോധന, ആമുഖം, ഉപസംഹാരം എന്നിവ വേണം. വിഷയത്തിന്റെ വ്യത്യസ്തവശങ്ങൾ പരാമർശിക്കേണ്ടതുണ്ട്. ആവശ്യാനുസരണം ഉദ്ധരണികളും ഉദാഹരണങ്ങളും ഉപയോഗിക്കാം. സമകാലിക സംഭവഗതികളുമായി പരമാവധി ബന്ധിപ്പിക്കണം. പറയുന്ന കാര്യങ്ങൾക്ക് പരസ്പരബന്ധവും അടുക്കും ചിട്ടയുമുണ്ടാകണം. സ്വന്തമായ നിലപാടുകളും കാഴ്ചപ്പാടുകളും ശ്രോതാക്കളെ ബോധ്യപ്പെടുത്തുംവിധം വ്യക്തമാക്കണം. ശബ്ദനിയന്ത്രണം, ഉച്ചാരണസ്ഫുടത, ഒഴുക്ക്, ഭാവ ത്ത ി ന്റേയും അംഗവിക്ഷേപങ്ങളുടേയും നിയന്ത്രിതമായ ഉപയോഗം, ഊന്നലുകൾ, നിറുത്തലുകൾ എന്നിവ ശ്രദ്ധിക്കണം. ലളിതവും ആകർഷകവുമായ ഭാഷയായിരിക്കണം. ആലങ്കാരികപ്രയോഗങ്ങൾ, നർമം എന്നിവ ഔചിത്യബോധത്തോടുകൂടി ഉപയോഗിക്കണം. ആത്മവിശ്വാസത്തോടെയുള്ള നിൽപ്പും മുഖഭാവവും പ്രസംഗകന് ആവശ്യമാണ്.

കുട്ടികൾ പ്രസംഗിക്കട്ടെ
വിലയിരുത്തൽ

## പദച്ചേർച്ച കണ്ടെത്താം

ഒന്നിലേറെ പദങ്ങൾ ചേർന്നുണ്ടായ സിനിമാപ്പേരുകൾ കുട്ടികൾ കണ്ടെത്തട്ടെ

ഉദാ : മാണിക്യക്കല്ല്, മണിച്ചിത്രത്താഴ്, മഴവിൽക്കാവടി

കുട്ടികൾ കണ്ടെത്തിയ സിനിമാപ്പേരുകളെ ഘടകപദങ്ങളാക്കാൻ ആവശ്യപ്പെടാം.

ഘടകപദങ്ങൾ ചേരുമ്പോഴുണ്ടാകുന്ന വ്യത്യാസം കുട്ടികൾ തിരിച്ചറിയട്ടെ.

അവയിൽ നിന്ന് പൊതുധാരണയിൽ എത്തിച്ചേരാം.

ഘടകപദങ്ങൾ കൂടിച്ചേരുമ്പോഴുണ്ടാകുന്ന വ്യത്യാസങ്ങളുടെ അടിസ്ഥാനത്തിൽ സിനിമാപ്പേരുകളെ പട്ടികപ്പെടുത്തട്ടെ.

സന്ധിക്കുന്നത് - കൂടിച്ചേരുന്നത് - സന്ധി. വർണങ്ങൾ കൂടിച്ചേരുമ്പോൾ വരുന്ന വികാരം/മാറ്റം സന്ധിവികാരം. ഭാഷയുടെ നയമനുസരിച്ചും ഉച്ചാരണസൗകര്യം മുൻനിർത്തിയുമാണ് സന്ധിയിൽ വർണവികാരങ്ങളുണ്ടാകുന്നത്. സമാസം ഇതിൽ നിന്ന് വ്യത്യസ്തമാണ്. രണ്ടുപദങ്ങൾ കൂടിച്ചേരുമ്പോൾ പ്രയോഗത്തിലും വിവക്ഷയിലും വരുന്ന സവിശേഷതകളാണ് സമാസചിന്തയിൽ വരുന്നത്. ചുരുക്കത്തിൽ സന്ധി വർണവിചാരത്തിലും സമാസം വാക്യവിചാരത്തിലും വരുന്ന വ്യാകരണ വിഷയങ്ങളാണ്.)

ഭാഷാനയം : മലയാള ഭാഷയിൽ രണ്ട് സ്വരങ്ങൾ കൂട്ടിച്ചേർക്കുന്ന രീതിയില്ല. സ്വരസംയോഗമൊഴിവാക്കാൻ രണ്ടുവഴികളുണ്ട്.

അപ്രധാനമായി തോന്നുന്ന സ്വരം ഒഴിവാക്കുക - കണ്ടു + ഇല്ല - കണ്ടില്ല

രണ്ടും പ്രധാനമെങ്കിൽ മധ്യത്തിൽ ഒരു വ്യഞ്ജനം ചേർക്കുക - തിരു + ഓണം - തിരുവോണം.

ഇതാണ് ലോപസന്ധിയുടേയും ആഗമസന്ധിയുടേയും അടിസ്ഥാനതത്വം

പ്രാധാന്യം പരപദത്തിനാണെന്ന് കാണിക്കാൻ അവിടെ ദൃഢവ്യഞ്ജനത്തിന് ഇരട്ടിപ്പ് കൊടുക്കുന്നു. കൈത + ചക്ക - കൈതച്ചക്ക

ലോപം, ആഗമം, ദ്വിത്വം - ഭാഷാനയം

വിൺ + തലം - വിണ്ടലം

വർണങ്ങളെ ഒരേ സ്ഥാനത്തേക്ക് കൊണ്ടുവരണം. - സവർണനം - ആദേശസന്ധി

ആദേശം - ഉച്ചാരണസൗകര്യം

## അമ്മമ്മയുടെ കഥാപാത്രനിരൂപണം തയാറാക്കാം

പാഠഭാഗം വായിക്കട്ടെ.

കഥാപാത്രത്തിന്റെ സവിശേഷതകൾ കണ്ടെത്തുന്നു.

മനോപടം തയാറാക്കാം.



മനോപടം പരസ്പരം കൈമാറി മെച്ചപ്പെടുത്തട്ടെ.

കുട്ടികൾ അമ്മമ്മയുടെ കഥാപാത്ര നിരൂപണം തയാറാക്കട്ടെ.

ഏതാനും പേരുടെ അവതരണം.

ഏതാണ് മികച്ചത്? എന്തുകൊണ്ട്?

കുട്ടികളുടെ സഹായത്തോടെ സൂചകങ്ങൾ തയാറാക്കുന്നു.

### സൂചകങ്ങൾ

- കഥാപാത്രത്തിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്.
- കഥാപാത്രം പുലർത്തുന്ന മൂല്യങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്.
- കഥാപാത്രത്തെക്കുറിച്ച് സ്വന്തം കാഴ്ചപ്പാട് രൂപപ്പെടുത്തിയിട്ടുണ്ട്.
- ഉചിതമായ ഭാഷ പ്രയോഗിക്കുന്നു.

സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രൂപ്പിൽ വായിച്ചു വിലയിരുത്തി മെച്ചപ്പെടുത്തി എഴുതുന്നു.

പോർട്ട്ഫോളിയോവിലേക്ക്

## വഴിയാത്ര

കൊണ്ടും കൊടുത്തും പങ്കുവച്ചും മുന്നേറുമ്പോഴാണ് ജീവിതയാത്ര സഫലമാകുന്നത്. തനിക്കുമാത്രമായി ഒരു ലോകമില്ലെന്ന് ഓരോ വ്യക്തിയും തിരിച്ചറിയേണ്ടതുണ്ട്. അറിവും സ്നേഹവും പങ്കുവച്ച് ജാതിമതദേശഭാഷകൾക്കപ്പുറത്തേക്ക് സൗഹൃദങ്ങൾ വളരുമ്പോഴാണ് മനുഷ്യന് സമൂഹത്തിൽ നിലനിൽപ്പുണ്ടാകുന്നത്. ഈ കരുതലും പങ്കുവയ്ക്കലും നഷ്ടമാകുന്നു എന്നതാണ് ആധുനികകാലം നേരിടുന്ന പ്രതിസന്ധി. മൂല്യങ്ങളാണ് മനുഷ്യനെ സാമൂഹികജീവിയാക്കുന്നത് എന്ന് പാഠഭാഗം ബോധ്യപ്പെടുത്തുന്നു. ഇ.വി കൃഷ്ണപിള്ളയുടെ വഴിയാത്ര എന്ന ലേഖനം വിവിധതരം യാത്രകളുടെ പ്രത്യേകതകളിലേക്ക് വായനക്കാരനെ കൂട്ടിക്കൊണ്ടുപോകുന്നു.

### പ്രവർത്തനങ്ങളിലൂടെ

യാത്രയുടെ നിരവധി വീഡിയോകൾ ഇന്ന് ഇന്റർനെറ്റിൽ ലഭ്യമാണ് ഏതെങ്കിലും ഒരു ചെറിയ ഭാഗം കുട്ടികളെ കാണിക്കാം.

ഉദാഹരണം - 'യാത്ര' മലയാളം ഡോക്യുമെന്ററി - കൈലാസ് ഹിമാലയ യാത്ര/ കൈലാസ മാനസ സരോവർ യാത്ര. യാത്രയുടെ വിവിധ ഘട്ടങ്ങൾ വീഡിയോയിൽ ഉൾപ്പെടുത്താൻ അധ്യാപിക ശ്രമിക്കണം.

വീഡിയോ പ്രദർശനത്തിനുശേഷം,

ചർച്ച

യാത്രയുടെ വിവിധ ദൃശ്യങ്ങളാണല്ലോ നിങ്ങൾ കണ്ടത്. യാത്ര എവിടേക്കായിരുന്നു? ഏതെല്ലാം ദൃശ്യങ്ങളാണ് കൂടുതൽ ആകർഷകമായി തോന്നിയത്?

യാത്ര സുഖകരമാകാൻ എന്തെല്ലാം സഹായകമായിട്ടുണ്ട്?

- വാഹനം
- ഭക്ഷണം
- താമസം
- വാർത്താവിനിമയം

ചോദ്യങ്ങളോട് കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കട്ടെ.

ചർച്ചയിലെ പങ്കാളിത്തം വിലയിരുത്തണം.

പ്രതികരണത്തിന് ശേഷം ചോദ്യങ്ങൾ ഉന്നയിക്കാം.

* പണ്ട്, ഈ സൗകര്യങ്ങളൊന്നും ഇല്ലാത്ത കാലത്തെ യാത്രയെക്കുറിച്ചാലോചിച്ചു നോക്കൂ.
* എന്തെല്ലാം ബുദ്ധിമുട്ടുകളായിരിക്കും അവർ അനുഭവച്ചിട്ടുണ്ടാവുക?
* എങ്ങനെയായിരിക്കും അവർ യാത്ര ആനന്ദകരമാക്കി മാറ്റിയിട്ടുണ്ടാവുക?

  ഒരു നിമിഷം കുട്ടികൾ മൗനമായി ചിന്തിക്കട്ടെ.

തുടർന്ന് 'വഴിയാത്ര' എന്ന പാഠഭാഗം വായിക്കാൻ നിർദ്ദേശം നൽകുന്നു.

മൗനവായന

ആദ്യം കണ്ട ദൃശ്യാനുഭവത്തിൽ നിന്ന് വ്യത്യസ്തമായി പാഠഭാഗവായനയിൽ നിന്നും മനസ്സിലാക്കിയ കാര്യങ്ങൾ എന്തെല്ലാം?

പുനർവായന - ചർച്ച

- കാൽ നടയായിട്ടാണ് യാത്ര.
- താമസം ഭക്ഷണം ഇവയ്ക്കുള്ള ബുദ്ധിമുട്ട്
- പരിചയമില്ലാത്ത വീടുകളിൽ യാത്രികർ അതിഥികളായി സ്വീകരിക്കപ്പെടുന്നു.
- കണ്ടുമുട്ടുന്നവരുമായി വ്യക്തി ബന്ധം സ്ഥാപിക്കുന്നു.
- വള്ളത്തിലുള്ള യാത്രയിലെ സ്നേഹബന്ധം ശ്രദ്ധേയമാണ്
- കഥാകാരന്റെ കാലത്തെ യാത്രാനുഭവം.

## പാഠഭാഗം വീണ്ടും വായിക്കുന്നു. കണ്ടെത്തി പറയുന്നു.

പാഠഭാഗത്തിനൊടുവിൽ കൊടുത്ത ആശയഗ്രഹണ ചോദ്യങ്ങൾ ചാർട്ട്/പവർപോയിന്റ് പ്രസന്റേഷനിൽ അവതരിപ്പിക്കുന്നു. ആവശ്യമെങ്കിൽ ചോദ്യങ്ങൾ കൂട്ടിച്ചേർക്കാം.

? *അന്യൻമാരുടെ ഔദാര്യത്തിൽ ദൃഢമായി വിശ്വസിച്ചുകൊണ്ടുള്ള ഒരു പോക്കാണ് ഇത്. ലേഖകൻ പരാമർശിക്കുന്നത് എന്താണ്? വിശദമാക്കുക.*

? *അവർ അങ്ങനെ കഴിയുന്ന ഒരു കുടുംബത്തിലെ അംഗങ്ങളായി ക്കഴിയുന്നു. യാത്രാന്ത്യത്തിൽ യാത്രക്കാർ എത്തിച്ചേരുന്ന അവസ്ഥയാണ് ഇത്. ഈ യാത്രയിൽ അവർക്ക് എന്തൊക്കെ മാറ്റങ്ങളാണ് ഉണ്ടായത്?*

? *ഇന്നത്തെ യാത്ര ലോകപരിചയം സമ്പാദിക്കുന്നതിന് സഹായിക്കുന്നില്ല എന്ന് ലേഖകൻ പറയാൻ കാരണമെന്ത്?*

കുട്ടികൾ സംഘമായി വായിച്ച് കണ്ടെത്തി അവതരിപ്പിക്കുന്നു.

ഉത്തരങ്ങൾ കുറിപ്പുകളാക്കുന്നു.

## ചർച്ചാക്കുറിപ്പ് തയാറാക്കാം

- സന്ദർഭങ്ങൾ ആകർഷകമാക്കാൻ കഥാകാരൻ ഉപയോഗിച്ച തന്ത്രം എന്ത്?
- നർമ്മം കലർത്തി അവതരിപ്പിക്കുന്നു.
- പാഠഭാഗം പരിശോധിച്ച് കണ്ടെത്തൽ

- സംഘമായി വിശകലനം ചെയ്ത് വ്യക്തിഗതമായി കുറിക്കുന്നു.
- തിരഞ്ഞെടുത്ത സന്ദർഭങ്ങളുടെ ഔചിത്യം
  - ✳ യാത്രയുടെ ഒരുക്കങ്ങൾ
  - ✳ അപരിചിതരായ രണ്ടുപേർ സംഭാഷണത്തിലേർപ്പെടുന്നത്
  - ✳ പരസ്പരം സുഹൃത്തുക്കാളായി മാറുന്നത്.
  - ✳ പുതിയ കാലത്തെ യാത്രയുടെ വിശദാംശങ്ങൾ അവതരിപ്പിക്കുന്നത്.
- അവ മനോഹരമാക്കാൻ ഉപയോഗിച്ച പദങ്ങൾ
  - ✳ കേസുകാര്യം
  - ✳ ശാപ്പാട്
- വാക്യഭംഗി
  - ✳ പൊതിച്ചോറുണ്ണാത്തവനും ചെങ്കണ്ണുവരാത്തവനും ജീവിത സുഖം അനുഭവിച്ചിട്ടില്ലെന്നാണ് ഒരു പറച്ചിൽ.
- അവതരണരീതി

ഒരു സാധാരണ ജീവിതസന്ദർഭം എങ്ങനെയാണ് വായനക്കാരിൽ ചിരിയും ചിന്തയും ഉണർത്തുന്നത് എന്ന് ചർച്ചയിൽ വിശകലനം ചെയ്യുകയും കുറിപ്പ് തയാറാക്കാൻ നിർദ്ദേശിക്കുകയും ചെയ്യണം.

ചർച്ചയിലെ ഇടപെടൽ, മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളുടെ മികവ് അവതരണം ഇവ വിലയിരുത്തണം

## യാത്രയിലെ വൈവിധ്യം - താരതമ്യം ചെയ്യാം

- ടി.ബി പ്രവർത്തനം വായന
- കുട്ടികൾ പാഠം ഗ്രൂപ്പിൽ വായിക്കുന്നു.
- പാഠഭാഗത്ത് പരാമർശിക്കുന്ന വ്യത്യസ്ത കാലങ്ങളിലെ യാത്ര ഗ്രൂപ്പുകൾ കണ്ടെത്തുന്നു.
- സവിശേഷതകൾ നോട്ടുബുക്കിൽ കുറിക്കുന്നു.
- സവിശേഷതകൾ എന്തെല്ലാം?

| കാൽനടയായി സഞ്ചരിച്ച കാലം | വള്ളത്തിൽ കയറി യാത്ര ചെയ്തകാലം | ഇ.വി.യുടെകാലം |
|---|---|---|
| • വണ്ടിയില്ല, വള്ളമില്ല,<br>• ഹോട്ടലുകളില്ല. പൊതിച്ചോറ് കരുതും<br>• അന്യൻമാരുടെ ഔദാര്യത്തിൽ ദൃഢമായി വിശ്വസിക്കുന്നു.<br>• വഴിയാത്രക്കാർക്ക് ചോറുകൊടുക്കുക ധനവാൻമാരുടെ കൃത്യം<br>• യാത്ര പലബന്ധങ്ങൾക്കും കാരണമായി. | • നാനാജാതി മതസ്ഥരും അതിലുണ്ടാകും<br>• പരസ്പരം അടുത്തിടപഴകും<br>• കുടുംബാംഗങ്ങളെ പോലെ പെരുമാറും<br>• പരസ്പരം ആശയ വിനിമയം നടക്കും | • തീവണ്ടിയുണ്ട്.<br>• പരസ്പരബന്ധം കുറയുന്നു.<br>• ഹോട്ടലുകൾ<br>• ആർക്കും ആരോടും സംസാരിക്കാൻ സമയമില്ല. |

നാം ജീവിക്കുന്ന കാലത്ത് ഇതിൽ നിന്നൊക്കെ വ്യത്യസ്തമായി എന്തെല്ലാമാണ് കാണാൻ സാധിക്കുന്നത്?

- ഓരോ വ്യക്തിയും അവനവനിലേക്ക് ചുരുങ്ങുന്നു.
- ആർക്കും സമയമില്ലാത്ത അവസ്ഥ
- പരസ്പര സ്നേഹം ബഹുമാനം ഇവ കുറയുന്നു.
- ജീവിതം യാന്ത്രികമാവുന്നു.
- ചോദ്യത്തോടുള്ള പ്രതികരണങ്ങൾ കുട്ടികൾ നോട്ടുബുക്കിൽ കുറിക്കുന്നു.
- വ്യത്യസ്ത കാലഘട്ടങ്ങളിലെ യാത്രകൾ, സൗകര്യങ്ങൾ, പരസ്പരബന്ധം, മറ്റു കാര്യങ്ങൾ ഇവ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കട്ടെ.
  - അവതരണം
  - പൊതുചർച്ച
  - കൂട്ടിച്ചേർക്കൽ

## അർഥവ്യത്യാസം കണ്ടെത്താം

*അതിൽ പന്ത്രണ്ടിടങ്ങഴിയുടെ ചോറും വഴിയാത്രക്കാരാണ് തട്ടുന്നത്.*
*എന്നെ ഇങ്ങനെ തട്ടിക്കളിക്കരുത്*
*തട്ടിക്കളയും നിന്നെ ഞാൻ*

ടി.ബി. പ്രവർത്തനം ചാർട്ടിലോ ബ്ലാക്ക് ബോർഡിലോ എഴുതി പ്രദർശിപ്പിക്കുന്നു. വ്യക്തിഗതമായി അർഥം കണ്ടെത്തുന്നു. നോട്ടു ബുക്കിൽ കുറിക്കുന്നു.
പൊതു ചർച്ച

- ആദ്യവാക്യത്തിൽ 'തിന്നുന്നത്' എന്നും രണ്ടാമത്തേതിൽ 'വ്യക്തിത്വത്തെ പരിഗണിക്കാതെ അങ്ങോട്ടുമിങ്ങോട്ടും മാറ്റുക' എന്നും മൂന്നാമത്തേതിൽ 'കൊന്നുകളയും' എന്നുമാണ് ക്രോഡീകരിക്കേണ്ടത്. ഒരേ പദം തന്നെ വ്യത്യസ്ത സന്ദർഭങ്ങളിൽ ഉപയോഗിക്കുമ്പോഴുണ്ടാകുന്ന അർഥവ്യത്യാസം കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരണം.
- കൂടുതൽ ഉദാഹരണം കണ്ടെത്തി അവതരിപ്പിക്കട്ടെ.

## വിവരണം തയാറാക്കാം

പാഠഭാഗത്തിന്റെ പ്രവേശകം മുതലുള്ള കാര്യങ്ങൾ കുട്ടികൾക്ക് പുനർവിചിന്തനം ചെയ്യാൻ അവസരമൊരുക്കണം. തുടർന്ന് ചർച്ചയിലൂടെ പ്രവർത്തനത്തിലേക്ക് നയിക്കണം.

ചർച്ച

- യാത്രകൾ കേവലം കാഴ്ചയുടെ അനുഭവങ്ങൾ മാത്രമാണോ പ്രദാനം ചെയ്യുന്നത്?
- നിങ്ങൾ നടത്തിയ ഏതെങ്കിലും യാത്രയുടെ അനുഭവങ്ങൾ പങ്കുവയ്ക്കാമോ?
  ഏതാനും പേർക്ക് അവസരം നൽകുന്നു.
  കുട്ടികൾ കണ്ടെത്തുന്ന സവിശേഷതകളിൽ പ്രധാനപ്പെട്ടവ ബി.ബി.യിൽ കുറിക്കുന്നു.
  - യാത്രയിൽ കണ്ടുമുട്ടുന്നവർ

- അവരുടെ സ്വഭാവം
- ജീവിതരീതി
- ജീവിതസാഹചര്യം
- വേഷം
- സ്ഥലങ്ങൾ
- പ്രദേശത്തിന്റെ സവിശേഷതകൾ
- ഭക്ഷണം

*സ്വാനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്ന കാര്യങ്ങൾ കൂടി ഉൾപ്പെടുത്തി കുട്ടികൾ വിവരണം തയാറാക്കട്ടെ*

- ഏതാനും പേരുടെ അവതരണം
- പൊതുചർച്ച
- ടീച്ചർവേർഷൻ അവതരണം
- മെച്ചപ്പെടുത്തൽ
- പോർട്ട് ഫോളിയോവിലേക്ക്

കൂടുതൽ യാത്രാവിവരണ ഭാഗങ്ങൾ കുട്ടികൾ കണ്ടെത്തട്ടെ.

*സഹായകഗ്രന്ഥങ്ങൾ*

- സിംഹഭൂമി - എസ്.കെ. പൊറ്റേക്കാട്ട്
- പാതിരാസൂര്യന്റെ നാട്ടിൽ - എസ്.കെ പൊറ്റേക്കാട്ട്
- ബാലിദ്വീപ് - എസ്.കെ പൊറ്റേക്കാട്ട്
- നൈൽഡയറി - എസ്.കെ പൊറ്റേക്കാട്ട്
- കാപ്പിരികളുടെ നാട്ടിൽ - എസ്.കെ പൊറ്റേക്കാട്ട്
- രവീന്ദ്രന്റെ യാത്രകൾ - രവിന്ദ്രൻ
- നല്ല ഹൈമവതഭൂവിൽ - എം.പി വിരേന്ദ്രകുമാർ
- യാത്ര സംബന്ധിച്ച ടി.വി ചാനലുകൾ
- യാത്ര സംബന്ധിച്ച ബ്ലോഗുകൾ

## ഉപന്യാസം തയാറാക്കാം

ടി. ബി പ്രവർത്തനം വായന
ഉപന്യാസ വിഷയം ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നു.
സംഘമായി യൂണിറ്റ് വായനയും ചർച്ചയും
പാഠഭാഗത്ത് പരാമർശിക്കുന്ന ഭാഗങ്ങൾ കണ്ടെത്തുന്നു.
വ്യക്തിഗതമായി കുറിക്കുന്നു.
പൊതു ചർച്ച - കൂട്ടിച്ചേർക്കൽ
ആശയപടം തയാറാക്കുന്നു.




ആശയപടം രണ്ടുപേരുടെ ഗ്രൂപ്പിൽ വായന - മെച്ചപ്പെടുത്തൽ
ഉപന്യാസം - വ്യക്തിഗതരചന
ഏതാനും പേരുടെ അവതരണം
മിക്കച്ചതേത്? എന്തുകൊണ്ട്?

*സൂചകങ്ങൾ രൂപീകരിക്കുന്നു.*

- *പരമാവധി ആശയങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.*
- *ആശയങ്ങളും നിലാടുകളും വായനക്കാരിൽ എത്തിക്കാൻ പറ്റിയ ഭാഷ (പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ)*
- *ഉപന്യാസത്തിന്റെ ഘടന പാലിച്ചിട്ടുണ്ട്. (തുടക്കം, പ്രധാനാശയങ്ങൾ വിശദീകരിക്കൽ, ഖണ്ഡികാകരണം, ഉപസംഹാരം)*
- *നിരീക്ഷണങ്ങളും നിലപാടുകളും അവതരിപ്പിച്ചിട്ടുണ്ട്.*

പരസ്പര വിലയിരുത്തൽ ശ്രദ്ധേയമായവയുടെ രേഖപ്പെടുത്തൽ

കൂടുതൽ വായന - അന്വേഷണം - മെച്ചപ്പെടുത്തൽ
പോർട്ട് ഫോളിയോവിലേക്ക്

*ഉപന്യാസം പോർട്ട് ഫോളിയോ വിലയിരുത്തണം.*

## ഞാൻ എന്നെക്കുറിച്ച്

* മൂന്ന് പാഠഭാഗങ്ങളിലെയും പഠനപ്രവർത്തനങ്ങളിലൂടെ കടന്നുപോയപ്പോൾ ചില പ്രധാന മേഖലകളിൽ കുട്ടിക്കുണ്ടായ പുരോഗതി സ്വയം വിലയിരുത്തുന്നതിനുള്ള പ്രവർത്തനമാണിത്
* ഓരോ പ്രസ്താവന കൊണ്ടും ഉദ്ദേശിക്കുന്നതെന്താണെന്ന് അധ്യാപകൻ ചർച്ചയിലൂടെ വ്യക്തമാക്കിക്കൊടുക്കണം.
* പൂർണമായി, ഭാഗികമായി, കുറച്ചുമാത്രം എന്നീ റേറ്റുകളിലാണ് മികവുകൾ രേഖപ്പെടുത്തേണ്ടത്. അവയെങ്ങനെ നിർണയിക്കാമെന്ന് ക്ലാസിൽ ചർച്ച ചെയ്യണം.
* പ്രവർത്തനങ്ങൾ നടത്തുമ്പോൾ തനിക്ക് സ്വയം അനുഭവപ്പെട്ട കാര്യങ്ങൾ, പരസ്പര വിലയിരുത്തൽ, അധ്യാപക വിലയിരുത്തൽ എന്നിവ വച്ച് കുട്ടികൾ സ്വതന്ത്രമായി തന്നെക്കുറിച്ച് വിലയിരുത്തി രേഖപ്പെടുത്തുകയാണ് വേണ്ടത്.
* വിലയിരുത്തലുകൾ പരമാവധി തന്നോടുതന്നെ സത്യസന്ധത പുലർത്തുന്നവയാകണം. ഇത് കുട്ടികളെ ബോധ്യപ്പെടുത്താൻ അധ്യാപിക ശ്രമിക്കണം.
* അധ്യാപകരുടെ സാന്നിധ്യത്തിൽ വിലയിരുത്തൽ നടത്തുന്നതാണുചിതം.